പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 435 **13-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) 2026 ഓഗസ്റ്റ് 24-ന് ആലുവ സബ് ജയിലിൽനിന്ന് മോഷണക്കേസിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന അസം സ്വദേശിയായ പ്രതി രക്ഷപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംഭവവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. എടത്തല പോലീസ് സ്റ്റേഷൻ Cr 546/26 കേസിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-1 കോടതിയുടെ ഉത്തരവ് പ്രകാരം 23.08.2026 തീയതിയിൽ ആലുവ സബ് ജയിലിൽ റിമാൻഡിൽ പ്രവേശിച്ച അസം സ്വദേശിയായ RP 508/26 മധുർജ്യ സോനോവാൾ എന്ന പ്രതി, 24.08.2026 തീയതി വൈകുന്നേരം തടവുകാരെ ദിനചര്യകൾക്കായി സെല്ലിന് പുറത്തിറക്കിയ സമയം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടാതെ, പുതിയതായി നിർമ്മിച്ച കിച്ചൻ ബ്ലോക്കിന്റെ മുകളിൽ കയറി മതിലിനോട് ചേർന്ന് വന്നിട്ടുള്ള ഭാഗത്തുകൂടി PWD വളപ്പിലേക്ക് ചാടി രക്ഷപ്പെട്ടിട്ടുള്ളതാകാം എന്നാണ് അനുമാനിക്കുന്നത്.

(ബി) അതീവ സുരക്ഷാ മേഖലയായ ജയിലിൽനിന്ന് ഒരു പ്രതി യാതൊരു തടസ്സവുമില്ലാതെ രക്ഷപ്പെടാനിടയായത് ജയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അനാസ്ഥയാണെന്ന് വിലയിരുത്തുന്നുണ്ടോ;

മറുപടി: ടി സംഭവവുമായി ബന്ധപ്പെട്ട് മദ്ധ്യമേഖല ഡി.ഐ.ജി. 27.08.2026 തീയതി ആലുവ സബ് ജയിൽ സന്ദർശിക്കുകയും പ്രാഥമിക അന്വേഷണം നടത്തുന്നതിനായി എറണാകുളം ജില്ലാ ജയിൽ സൂപ്രണ്ട് ശ്രീ ഹാരിസ്. എം. എം. നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ടി ഉദ്യോഗസ്ഥന്റെ പ്രാഥമികാന്വേഷണ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ജാഗ്രതക്കുറവ് ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; അവരുടെ പേരും തസ്തികയും ഉൾപ്പെടെ വിശദമാക്കുമോ;

മറുപടി: നിലവിൽ ലഭ്യമായ പ്രാഥമികാന്വേഷണ റിപ്പോർട്ടിലെ പരാമർശം പ്രകാരം മദ്ധ്യമേഖല ഡി.ഐ.ജി.യുടെ 18.09.2026 തീയതിയിലെ KPCS/DIG/CZ/749/2026-E നമ്പർ ഉത്തരവ് പ്രകാരം 24.08.2026 തീയതി ആലുവ സബ് ജയിലിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മൂന്ന് ജീവനക്കാരെ ടി ജയിലിൽ ലാവളം നിലനിർത്തിക്കൊണ്ട് വിയ്യൂർ സിക്ക എക്സ്റ്റെൻഷൻ സെന്ററിലേക്ക് അറ്റാച്ച് ചെയ്ത

ഉത്തരവാകുകയും 19.09.2026 തീയതിയിൽ അവരെ വിടുതൽ ചെയ്യ 21.09.2026 തീയതി പൂർവ്വാഹ്നം മുതൽ വിയ്യൂർ സിക്കയിൽ പ്രവേശിക്കുകയും നിലവിൽ അവിടെ പരിശീലനത്തിൽ തുടർന്ന് വരികയും ചെയ്യുന്നു.

ഗാർഡ് ഓഫീസറായിരുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. അജിത് കുമാർ. കെ, അസ്സിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ അബ്ദുൽ റഹ്മാൻ വി. എം., ശ്രീ. അനുരാജ്. കെ. ആർ. എന്നിവരെയാണ് സിക്കയിലേക്ക് അറ്റാച്ച് ചെയ്തിരിക്കുന്നത്.

(ഡി) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ സംബന്ധിച്ച പൊതുജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

<u>മറുപടി:</u> ആലുവ സബ് ജയിലിലെ ജയിൽ ചുറ്റുമതിലിനു മുകളിൽ ഒരു മീറ്റർ ഉയരത്തിൽ ബാർബെഡ് വയർ ഫെൻസിങ് സ്ഥാപിച്ചു. ചുറ്റുമതിലിന്റെ അകവും പുറവും നിരീക്ഷണ വിധേയമാക്കി വരുന്നു. എല്ലാ ജയിൽ സ്ഥാപനങ്ങളിലും ബാരക്കുകൾ, സെല്ലുകൾ, ചുറ്റുമതിൽ, തൊഴിലിടം, ഇതര യൂണിറ്റുകൾ എന്നിവടങ്ങളിൽ കർശന നിരീക്ഷണത്തിനായി എല്ലാ മാസവും ഒരാഴ്ച നീണ്ടുനിൽക്കുന്ന സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ